# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4954** **24.07.2015 ൽ മറുപടിയ്ക്ക്**

### കുഴൽ കിണർ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കുഴൽ കിണർ കുഴിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്ന് വിശദമാക്കാമോ ; | എ) സംസ്ഥാനത്തെ ഭൂജലവികസനം ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 നിലവിലുണ്ട്. ഇതനുസരിച്ച് സംസ്ഥാന ഭൂജല അതോറിറ്റിയുടെ ശുപാർശപ്രകാരം സംസ്ഥാനത്തെ താഴെപറയുന്ന അഞ്ചു ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ട്.<br><br>**<u>വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന ബ്ലോക്കുകൾ</u>**<br><br>1. അതിയന്നൂർ - തിരുവനന്തപുരം ജില്ല<br>2. കൊടുങ്ങല്ലൂർ - തൃശ്ശൂർ ജില്ല<br>3. ചിറ്റൂർ - പാലക്കാട് ജില്ല<br>4. കോഴിക്കോട് - കോഴിക്കോട് ജില്ല<br>5. കാസർഗോഡ് - കാസർഗോഡ് ജില്ല<br><br>ഈ ബ്ലോക്കുകളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് |

ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഗാർഹിക ആവശ്യങ്ങൾക്കുള്ള തുറന്ന കിണറുകൾക്ക് പെർമിറ്റ് ബാധകമല്ല. മറ്റ് ബ്ലോക്കുകളിൽ ഗാർഹിക ആവശ്യ ത്തിന് കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ നിയന്ത്രണം നിലവിലില്ല. എന്നാൽ കുപ്പിവെള്ള കമ്പനികൾക്കും, വ്യവസായത്തിനു വേണ്ടിയും ഭൂജലം ഉപയോഗിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ബാധകമാക്കിയിട്ടുണ്ട്. ഇതുകൂടാതെ കൊച്ചുകുട്ടികൾ തുറന്നു കിടക്കുന്ന തുരപ്പൻ കിണറുകളിലും കുഴൽ കിണറുകളിലും വീഴുകയും കുടുങ്ങുകയും ചെയ്യുന്നത് തടയുവാനായി ബഹു.സുപ്രീം കോടതിയുടെ ഡബ്ല്യു.പി.(സി)നം.36/ 2009 വിധിപ്രകാരം സംസ്ഥാന ഭൂജല അതോറിറ്റി ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

| | |
|---|---|
| ബി) പ്രസ്തുത വ്യവസ്ഥകൾ അടങ്ങുന്ന ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കോമോ? | ബി) പകർപ്പ്അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്